LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-മെയ് 31-ൽ ആകെ 1830.58 കോടി രൂപ ടഷറി ബില്ലുകളിൽ നിക്ഷേപമായി ഉണ്ടായിരുന്നു.

(ബി) 31-3-2011-ലെ പൊതുകടം 78673.24 കോടി രൂപയായിരുന്നു.

(സി) 31-3-2006-ലെ പൊതുകടം 45929.05 കോടി രൂപയായിരുന്നു. 31-3-2011 ആയപ്പോൾ 71.3 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്.

(ഡി) 30-9-2014-ലെ അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം 125258.17 കോടി രൂപയാണ്.

(ഇ) 2011 ഏപ്രിൽ മാസം മുതൽ 30-9-2014 വരെയുള്ള പൊതുകടം ആകെ 46584.93 കോടി രൂപയും വർദ്ധനവ് 59.21 ശതമാനവുമാണ്.

കരാറുകാർക്കുള്ള കുടിശ്ശിക

206 (546) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത്/ജലസേചന വകുപ്പുകളിലെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് ആകെ എത്ര രൂപയാണ് കൊടുത്തു തീർക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമരാമത്ത് (റോഡുകളും പാലങ്ങളും വിഭാഗം) കരാറുകാർക്ക് എത്ര രൂപയാണ് കുടിശ്ശികയുള്ളതെന്നും ഏതു കാലാവധി മുതലുള്ള ബില്ലുകളാണ് കുടിശ്ശികയുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് കെട്ടിടവിഭാഗം കരാറുകാർക്ക് എത്ര രൂപയാണ് കുടിശ്ശികയുള്ളതെന്നും എന്നുമുതലുള്ള ബില്ലുകളാണ് കുടിശ്ശികയുള്ളതെന്നും വ്യക്തമാക്കുമോ ;

(ഡി) ജലവിഭവ വകുപ്പിൽ ഏതൊക്കെ കാലയളവിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത്/ജലവിഭവ വകുപ്പുകളിൽ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

(ബി) ഭരണ വകുപ്പിൽ നിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (റോഡുകളും പാലങ്ങളും വിഭാഗം) കരാറുകാർക്ക് 1-1-2014 മുതൽ 31-8-2014 വരെയുള്ള കാലയളവിൽ 1343.47 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്.

(സി) ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗം കരാറുകാർക്ക് 1-1-2014 മുതൽ 31-8-2014 വരെയുള്ള കാലയളവിൽ 260.51 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്.

(ഡി) ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-7-2014 വരെയുള്ള കാലയളവിൽ 61.42 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്.

സംസ്ഥാനത്തിന്റെ കടബാധ്യത

207(547) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടബാധ്യത സാമ്പത്തിക ആസ്തിയുടെ എത്ര ശതമാനത്തിലധികമാവുമ്പോഴാണ് ഒരു സംസ്ഥാനം (debt stressed) കടബാദ്ധ്യതയാൽ ഞെരുക്കപ്പെടുന്ന സംസ്ഥാനമായി മാറുക ;

(ബി) സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഇപ്പോൾ എത്രയാണ് ; സാമ്പത്തിക ആസ്തി എത്രയാണ് ;

(സി) നിലവിലത്തെ സാമ്പത്തിക ആസ്തിയും കടബാദ്ധ്യതയും പരിഗണിച്ചാൽ സംസ്ഥാനം ഇപ്പോൾ കടബാദ്ധ്യതയാൽ ഞെരുക്കപ്പെടുന്ന (debt stressed) സംസ്ഥാനമായിട്ടുണ്ടോ, വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?